LIBRARY ARCHIVES Kerala Legislative Assembly

## ഗതാഗത വകുപ്പിൽ ഇ-പേമെന്റ് സംവിധാനം

16 (*166) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ ഫീസും നികുതിയും അടയ്ക്കുക, അഴിമതി തടയുക, ഇടനിലക്കാരെ ഒഴിവാക്കുക, പണമിടപാട് സുതാര്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

മോട്ടോർ വാഹന വകുപ്പ് 2012 മുതൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു. തുടക്കത്തിൽ തിരുവനന്തപുരം ജില്ലയിൽമാത്രം നടപ്പിലാക്കിയ പദ്ധതി പിന്നീട് സംസ്ഥാനം മുഴുവനായി വ്യാപിപ്പിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. ഇ-ട്രഷറിയുമായി ബന്ധപ്പെടുത്തി കൂടുതൽ ബാങ്കുകളെ ഉൾപ്പെടുത്തുവാനുള്ള നടപടികൾ നടന്നുവരുന്നു. വകുപ്പ് സ്ഥാപിച്ചിട്ടുള്ള സ്പീഡ് ക്യാമറകളിൽനിന്ന് പുറപ്പെടുവിക്കുന്ന ചാർജ് മെമ്മോയ്ക്കുള്ള ഫൈനും ഇപ്പോൾ ഇ-പേമെന്റ് വഴി അടയ്ക്കാവുന്നതാണ്. വകുപ്പിന്റെ 23 ഓൺലൈൻ സേവനങ്ങളിൽ 19 സേവനങ്ങൾക്കുള്ള ഫീസും പുതിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടേയും ഓട്ടോറിക്ഷാ (ട്രാൻസ്പോർട്ട്) വാഹനങ്ങളുടേയും ടാക്സും ഓൺലൈനായി സ്വീകരിച്ചുവരുന്നു. ടാക്സ് അടയ്ക്കുന്ന തീയതിയിൽ കവറേജ് ഉള്ള വാഹന ഇൻഷ്വറൻസ്, ടാക്സ് അടയ്ക്കുന്ന മാസത്തിന്റെ തൊട്ടുമുമ്പുള്ള മാസം വരെ ക്ഷേമനിധി അടച്ചതിന്റെ തെളിവ് എന്നിവ ഉണ്ടെങ്കിൽ മാത്രമേ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി സ്വീകരിക്കുവാൻ കേരള മോട്ടോർ വാഹന നികുതി നിയമപ്രകാരം അനുവാദമുള്ളൂ. ഇക്കാര്യങ്ങൾ ഓൺലൈനായി പരിശോധിക്കാനുള്ള സൗകര്യം ഇപ്പോൾ നിലവിലില്ല. അതിനുശേഷം ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ടാക്സും

ഇ-പേമെന്റ് മുഖാന്തരം അടയ്ക്കുന്നതിന് സാധിക്കും. ഈ സൗകര്യം ഒരുക്കാനായി ഇൻഷ്വറൻസ് ഇൻഫർമേഷൻ ബ്യൂറോ, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവരുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുവരുന്നു.

(സി) ഇ-പേമെന്റ് നടപ്പാക്കാനായി 2014-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം, 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും, 13-3-2015-ലെ ജി.ഒ.(പി) നമ്പർ 15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം, 1975-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. ഇ-പേമെന്റ് സ്വീകരിച്ചുകൊണ്ട് നല്കാവുന്ന സേവനങ്ങൾ എല്ലാം നൽകിവരുന്നുണ്ട്.

**സമാന്തര പോലീസ് സ്റ്റേഷനുകൾ**

17 (*167) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അത്തരം കേന്ദ്രങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നതായി പോലീസിന് എപ്പോഴാണ് വിവരം ലഭിച്ചത് ; ഇതേ തുടർന്ന് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുകൊണ്ട് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ പോലീസ് സംവിധാനം എത്രത്തോളം കാര്യക്ഷമമാണ് ; സമാന്തര പോലീസ് സ്റ്റേഷനുകളുടെ ആവിർഭാവത്തിനുകാരണം വ്യക്തമാക്കുമോ ;

(ഇ) കൊച്ചിയിലെ സെൻട്രൽ പോലീസ് സ്റ്റേഷനുമുന്നിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുവെന്ന് സർക്കാരിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly